ഉത്തരം

(എ) 6,50,066 രൂപ.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

(സി) ജില്ലാകളക്ടർ ചെയർമാനായ ഒരു പത്തംഗ ഭരണസമിതിയാണ് ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾക്ക് സാരഥ്യം വഹിക്കുന്നത്. സെക്രട്ടറി, ക്ലാർക്ക്-കം-കമ്പ്യൂട്ടർ അസിസ്റ്റന്റ്, പ്യൂൺ-കം-ഡ്രൈവർ എന്നീ മൂന്ന് ജീവനക്കാരാണ് ഡി.റ്റി.പി.സി.-യുടെ സ്റ്റാഫംഗങ്ങൾ. കൂടാതെ തുഷാരഗിരി ഫെസിലിറ്റേഷൻ സെന്ററിൽ ഒരു ഡസ്റ്റിനേഷൻ മാനേജരും ഒരു ഗാർഡും ജോലി ചെയ്യുന്നു. ടൂറിസം വികസനത്തിന് ഉതകുന്ന പദ്ധതികൾ സർക്കാരിന് സമർപ്പിച്ചു അംഗീകാരവും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കുകയാണ് ഡി.റ്റി.പി.സി. ചെയ്യുന്നത്. കൂടാതെ ഡി.റ്റി.പി.സി. വിവിധ ആഘോഷങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഓണം വാരാഘോഷം, ദേശീയ ടൂറിസം വാരാഘോഷം, ലോക ടൂറിസം ദിനാചരണം തുടങ്ങിയവ ഇവയിൽപ്പെടുന്നു. ടൂറിസം വകുപ്പിന്റെ നിർദ്ദേശാനുസരണം ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ജില്ലയിലെ ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

വടക്കാഞ്ചേരി മണ്ഡലത്തിൽ ഡി.റ്റി.പി.സി.-യുടെ പദ്ധതികൾ

14 [2726] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഡി.ടി.പി.സി. ഇപ്പോൾ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ഡി.ടി.പി.സി. പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ടോ;

(സി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ആതിരപ്പള്ളി പ്രോജക്ട്:—ഡി.ടി.പി.സി. വക വഴിയോരവിശ്രമ കേന്ദ്രം നിലവിലുണ്ട്. കുളിക്കടവ്, ഡ്രസ്സിംഗ് റൂം, നടപ്പാത തുടങ്ങിയവയ്ക്ക് വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

2. പീച്ചി ഡാം:—പീച്ചി ഡാമിൽ ഡി.ടി.പി.സി. വക ബോട്ട് പ്രവർത്തന സജ്ജമാണ്. ഗാർഡൻ നവീകരണത്തിനും, സൗന്ദര്യവൽക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. വകുപ്പ്, ഇറിഗേഷൻ വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. വിലങ്ങൻകുന്ന് പ്രോജക്ട്:—വിലങ്ങൻകുന്നിൽ കഫറ്റേരിയ, ചിൽഡ്രൻസ് പാർക്ക് & റൈഡ്സ്, ഓഡിറ്റോറിയം, നടപ്പാത തുടങ്ങിയവയുണ്ട്. നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

4. ചേറ്റൂർ പദ്ധതി:—ചേറ്റുവയിൽ ഒരു വഴിയോര വിശ്രമ കേന്ദ്രം, കോൺഫറൻസ് ഹാൾ, ചിൽഡ്രൻസ് പാർക്ക് തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. ഒരു ഫൈബർ ബോട്ടും, ഒരു ഹൗസ് ബോട്ടും ലഭ്യമാണ്.

5. മാള പദ്ധതി:—മാളയിൽ ഒരു വഴിയോര വിശ്രമകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

6. ഗുരുവായൂർ ഇൻഫർമേഷൻ സെന്റർ:—പിൽഗ്രീം ടൂറിസത്തിന്റെ ഭാഗമായി ഒരു ഇൻഫർമേഷൻ സെന്റർ ഗുരുവായൂരിൽ പ്രവർത്തിക്കുന്നുണ്ട്.

7. തൃപ്രയാർ ഇൻഫർമേഷൻ സെന്റർ:—ടി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

8. വടക്കാഞ്ചേരി:—വടക്കാഞ്ചേരിയിൽ ഒരു വഴിയോര വിശ്രമകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്.

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഡി.ടി.പി.സി. പുതിയ പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

കോവളം കടലിൽ പരശുരാമ പ്രതിമ സ്ഥാപിക്കാൻ തീരുമാനം

15 [2727] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവാർ കേന്ദ്രമാക്കി ഒരു ടൂറിസം ബെൽറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കോവളം കടലിൽ പരശുരാമ പ്രതിമ സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇതിന് എന്ത് ചെലവ് വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ആരുടെയെല്ലാം പ്രതിമകൾ സ്ഥാപിക്കാനാണ് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly